പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടേയും കായലോരങ്ങളുടേയും മലിനീകരണം തടയുന്നതിനും പ്രധാനമായും ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനപങ്കാളിത്തത്തിലൂടേയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലും കോട്ടയത്തും ഓരോ "Sewage Treatment Plant" (STP)-കൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. Port Department-ഉം ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഏകോപിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി നൽകിയ വായ്പ

16 (*76) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി വായ്പ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ; വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ പ്രസ്തുത വായ്പാ തുകയ്ക്ക് ഈടാക്കുന്ന പലിശ നിരക്കെത്രയെന്നും എസ്.എൻ.ഡി.പി. മൈക്രോ ഫിനാൻസ് സംഘാംഗങ്ങളിൽ നിന്ന് ഈടാക്കുന്ന നിരക്കെത്രയെന്നും അറിയിക്കുമോ ;

(സി) സംഘാംഗങ്ങൾക്ക് വായ്പ നല്കാതെ അവരുടെ പേരിൽ പണം തട്ടിയെടുത്തതായി ഉയർന്ന പരാതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉക വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) കോർപ്പറേഷൻ നൽകുന്ന ഉക എൻ.ജി.ഒ.-കൾ ദുരുപയോഗം ചെയ്താൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും ലഭ്യമാക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. നിലവിലുള്ള വായ്പാ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. NGO കൾക്ക് ലഭിക്കുന്ന വായ്പ സ്വയം സഹായ സംഘങ്ങൾവഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതും സംഘത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതുമാണ്.
2. സംഘങ്ങൾവഴി ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.
3. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.
4. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.
5. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിലും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിലും താഴെ ആയിരിക്കണം.
6. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ ഉക വിനിയോഗിക്കേണ്ടതാണ്.

(ബി) കോർപ്പറേഷൻ SNDP യോഗത്തിൽനിന്നും നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3% ഉം SNDP ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ഉം ആണ്.

(സി) വായ്പാ വിനിയോഗം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) നല്കിയിരുന്നില്ല.

1352/2017

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി തുക തിരിച്ച് പിടിക്കുന്നതാണ്. SNDP യോഗത്തിന് ഏറ്റവും ഒടുവിൽ നല്കിയ വായ്പയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ/ഉപജില്ലാ മാനേജർമാർ Field Verification നടത്തി വരുന്നു.

ശബരിമല മാസ്റ്റർ പ്ലാൻ

17 (*77) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട ഇതര പ്രദേശങ്ങളുടേയും ആസൂത്രിത വികസനത്തിനു വേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ വിവിധ പദ്ധതികൾ പ്രധാനമായും ശബരിമലയിലെത്തുന്ന അയ്യപ്പഭക്തൻമാരുടെ ദർശനത്തിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും താമസത്തിനുമുള്ള സൗകര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly